പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 376 08.02.2016-ൽ മറുപടിക്ക്

## പുനലൂർ KSRTC ഡിപ്പോയിൽ നിന്നും പുതിയ സർവ്വീസുകൾ

ചോദ്യം

ശ്രീ. കെ. രാജു :

ഉത്തരം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പുനലൂർ KSRTC ഡിപ്പോയിൽ നിന്നും താഴെപ്പറയുന്ന ദീർഘ ദൂര സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ജന പ്രതിനിധികളും, യാത്രക്കാരും, നാട്ടുകാരും ഇക്കാര്യങ്ങൾ സൂചി പ്പിച്ച് നൽകിയിട്ടുള്ള നിവേദനങ്ങ ളിൽ എന്തു നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) | ലഭ്യമായ അപേക്ഷകളിന്മേൽ സാധ്യതാ പഠനം നടത്തിയിട്ടുണ്ട്. എന്നാൽ ബസ്സിന്റെ യും ജീവനക്കാരുടെയും കുറവ് അനുഭവപ്പെ ടുന്നതിനാൽ ആവശ്യപ്പെട്ട സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയി ലില്ല. |
| (ബി) | പുനലൂർ നിന്നും പാലക്കാട് വഴി കോയമ്പത്തൂർ സൂപ്പർഫാസ്റ്റ്; | (ബി) | തമിഴ്നാട് സർക്കാരുമായുള്ള അന്തർ സംസ്ഥാന കരാറിൽ നിലവിൽ വ്യവസ്ഥ ഇല്ലാത്തതിനാൽ ഇപ്പോൾ പരിഗണിക്കുവാൻ കഴിയില്ല. |
| (സി) | പുനലൂർ നിന്ന് തിരുവനന്തപുരം വഴി പൊൻമുടിയിലേക്ക് ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്; | (സി) യും (ഡി) യും | ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് അനുഭവപ്പെടുന്നതിനാൽ ഇപ്പോൾ പരിഗണി ക്കുവാൻ കഴിയില്ല. |
| (ഡി) | ആര്യങ്കാവിൽ നിന്നും പുനലൂർ - അഞ്ചൽ - ആയൂർ വഴി വർക്കല ക്ഷേത്രം ഫാസ്റ്റ് പാസഞ്ചർ സർവ്വീസ്; | | |
| (ഇ) | പുനലൂർ - തിരുവനന്തപുരം Low Floor AC സർവ്വീസ് എന്നിവ ആരംഭിക്കുമോ? | (ഇ) | NATPAC തയ്യാറാക്കിയതും Ministry of Urban Development അംഗീകരിച്ചതുമായ Detailed Project Report പ്രകാരമാണ് |

| | | | |
|---|---|---|---|
| | | | ബസുകൾ അനുവദിക്കുന്നത്. ടി റിപ്പോർട്ട് പ്രകാരം പുനലൂർ ഡിപ്പോയ്ക്ക് എ.സി ബസുകൾ അനുവദിച്ചിട്ടില്ല. ആയതിനാൽ പുനലൂർ - തിരുവനന്തപുരം ലോ ഫ്ളോർ എ.സി സർവ്വീസ് ആരംഭിക്കുവാൻ നിർവാഹമില്ല. |

സെക്ഷൻ ഓഫീസർ